**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1446** **12-02-2025 - ൽ മറുപടിയ്ക്ക്**

**ക്ഷേമനിധി ബോർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര തൊഴിലാളി ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ ബോർഡിലും രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ എണ്ണവും ബോർഡ് തിരിച്ച് വ്യക്തമാക്കുമോ? | (എ) | സംസ്ഥാന തൊഴിൽ വകുപ്പിന്റെ കീഴിൽ 16 തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നത്. ടി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗുണഭോക്താക്കളുടെ എണ്ണം ബോർഡ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.<br><br>തൊഴിൽ വകുപ്പിന്റെ അധികാര പരിധിക്കു പുറത്തു വരുന്ന മറ്റു ക്ഷേമനിധി ബോർഡുകളുടെ വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. **കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1848 രജിസ്റ്റർ ചെയ്ത തൊഴിലാളികൾ ഉണ്ട്.

2. **കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ പദ്ധതി ആരംഭം മുതൽ നാളിതുവരെയായി 25,01,754 കർഷക തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3. **കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ 1,13,937 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

4. **കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ബീഡി-ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 14,700 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

5. **കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്**

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ 20,23,403 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

6. **കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്**

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിലവിൽ 260251 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്.

7. **കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ 60570 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 8. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

| ക്രമ നം. | വിഭാഗം | രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ എണ്ണം |
|---|---|---|
| 1 | അൺ-അറ്റാച്ച്ഡ് | 101309 |
| 2 | സ്കാറ്റേർഡ് | 83208 |
| 3 | അറ്റാച്ച്ഡ് | 82 |

## 9. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആകെ 22,643 പേർ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 10. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ തൊഴിൽ സ്ഥാപനങ്ങളാണ് രജിസ്റ്റർ ചെയ്യുന്നത്. ബോർഡിൽ നാളിതുവരെ 20511 സ്ഥാപനങ്ങളിൽ നിന്നായി 554760 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 11. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1133863 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 12. കേരള ഷോപ്പ് ആന്റ് കമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 1712624 അംഗങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## 13. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ 22240 പേർ അംഗങ്ങളായിട്ടുണ്ട്.

**14. <u>കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 766931 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**15. <u>കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 20770 രജിസ്റ്റേർഡ് അംഗങ്ങൾ ഉണ്ട്.

**16. <u>കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡ്</u>**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷ ബോർഡിൽ 586471 ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.